# പതിമൂന്നാം കേരള നിയമസഭ
## 16-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 45** **09.02.2016-ൽ മറുപടിയ്ക്ക്**

## മലിനീകരണ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മലിനീകരണ നിയന്ത്രണ കാര്യത്തിൽ വിവിധ വകുപ്പുകളുമായി ഏകോപനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ യെന്ന് പരിശോധി ച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പു കളുടെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.യു.ഡി.പി, കേരള വാട്ടർ അതോറിറ്റി, ശുചിത്വമിഷൻ എന്നീ ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് വൻ ജനപങ്കാളിത്ത മുണ്ടാക്കുന്ന തീർത്ഥാടന കേന്ദ്രങ്ങളിലും മറ്റും മലിനീകരണ മുണ്ടാകാതിരിക്കാനുള്ള മുൻ കരുതലുകൾ എടുക്കുന്നതിനുള്ള പ്രവർത്തനം ഏകോപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ശബരിമല തീർത്ഥാടനം, ആറ്റുകാൽ പൊങ്കാല, ആലുവ ശിവരാത്രി, മാരാമൺ കൺവെൻഷൻ തുടങ്ങി സംസ്ഥാനത്ത് വൻ ജനപങ്കാളിത്ത മുണ്ടാകുന്ന തീർത്ഥാടനങ്ങളോട് അനുബന്ധിച്ച് മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എല്ലാ വർഷവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും, ശുചിത്വ മിഷനും സ്വീകരിച്ചു വരുന്നു. തീർത്ഥാടന കാലത്ത് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരും സ്വീകരിച്ചിട്ടുണ്ട്. |
| (സി) വൻതോതിൽ അന്തരീക്ഷ മലിനീകരണവും മറ്റും ഉണ്ടാകുന്ന തരത്തിൽ വിദ്യാലയ പരിസര ങ്ങളിലടക്കം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തി യിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) മാലിന്യങ്ങൾ പൊതുസ്ഥലത്തും മറ്റും കത്തിക്കുന്നത് മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ പ്രകാരം നിരോധിച്ചിരിക്കുന്നു. മതിയായ മാലിന്യ ശേഖരണവും ശാസ്ത്രീയമായ നിർമ്മാർജ്ജനവും പല കോർപ്പറേഷനുകളിലും നഗരസഭകളിലും ഫലപ്രദ മായി നടക്കാത്തതിനാൽ പൊതുനിരത്തുകളിൽ മാലിന്യങ്ങൾ കത്തിക്കുന്നത് തടയുന്നത് പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല. മുനിസിപ്പൽ സോളിഡ് വേസ്റ്റ് സംസ്കരിക്കുന്നതിലെ പോരായ്മകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (ഡി) കുടിവെള്ള വിതരണ പദ്ധതി വഴി മാലിന്യമുക്തമായ ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദമാക്കാമോ ? | (ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറികളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതലായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടാണ് വിതരണം |

ചെയ്യുന്നത്. ഇവ വിവിധ ശുദ്ധീകരണശാലകളിലെ ഗുണ നിലവാര പരിശോധനാ ലാബുകളിൽ പരിശോധിച്ച് Central Public Health & Environmental Engineering Organisation (CPHEEO) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയ ശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനു പുറമേ കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുമുണ്ട്.

സെക്ഷൻ ഓഫീസർ